# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 612. 24/05/2017-ൽ മറുപടിക്ക്

## ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**ശ്രീ എം.ഉമ്മർ**<br>**ഡോ. എം. കെ. മുനീർ**<br>**ശ്രീ. പാറക്കൽ അബ്ദുല്ല** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി)കളെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ജൈവവൈവിധ്യ പരിപാലന സമിതികളെ (ബി.എം.സി) ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 2017 ഫെബ്രുവരി മാസത്തിൽ ദേശീയ ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി തിരുവനന്തപുരത്ത് വച്ച് ബി.എം.സി. സംഗമം എന്ന പരിപാടി സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റുമാർ, മേയർമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, ജില്ലാ ആസൂത്രണ സമിതി ഗവൺമെന്റ് നോമിനികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർക്കായി സംസ്ഥാനതലത്തിൽ ഒരു ശില്പശാല മെയ് മാസം സംഘടിപ്പിച്ചു. 2017 ജൂൺ, ജൂലൈ മാസങ്ങളിലായി പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ ബി.എം.സി. അദ്ധ്യക്ഷൻമാർക്കും അംഗങ്ങൾക്കുമായി ജില്ലാതല ശിൽപ്പശാലകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ബി.എം.സി അംഗങ്ങൾക്കായി ബി.എം.സി.യുടെ പ്രവർത്തന കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തുവരുന്നു. ബി.എം.സി. കളുടെ നേതൃത്വത്തിൽ പഞ്ചായത്തുതലത്തിൽ വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. ജൈവവൈവിധ്യ നിയമമനുസരിച്ച് ബി.എം.സി. കളിൽ കൃത്യമായും യോഗം ചേരുന്നതിനു നിയമപരമായിട്ടുള്ള ചുമതലകളെപ്പറ്റി അവരെ ബോധവൽ |

| | | | |
|---|---|---|---|
| | | | ക്കരിക്കുന്നതിനും പ്രസ്തുത യോഗങ്ങളിൽ പ്രാദേശിക പരിസ്ഥിതി ജൈവവൈവിധ്യ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കണ്ടെത്തുന്നതിനും, ബി.എം.സി. കൾ ക്കാവശ്യമായ സാങ്കേതിക പിന്തുണ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നൽകി വരുന്നു. |
| (ബി) | ബി.എം.സി. ശാക്തീകരണത്തി നായി മുൻസർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് എല്ലാ പഞ്ചായത്തുകളിലും ബി.എം.സി. ശാക്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. വിവിധതലങ്ങളിൽ ബി.എം.സി. അംഗങ്ങൾക്കായി ബോധവ ൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ബി.എം.സി. കളുടെ മേൽനോട്ടത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രാദേശികമായ പാരിസ്ഥിതിക ശോഷണം തടയുന്നതിന് 'പരിസ്ഥിതി കാവൽ സംഘ' മായി പ്രവർത്തി ക്കുന്നതിന് ബി.എം.സി. കളെ നിയോഗിച്ചു കൊണ്ട് സർക്കാർ 13.05.2013 ൽ ഉത്തരവിറക്കി. |
| (സി) | ഇതു സംബന്ധിച്ച നയത്തിൽ മാറ്റം വരുത്തുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരമൊരു മാറ്റത്തിന് ആധാരമാക്കിയ കാരണങ്ങൾ വിശദമാക്കുമോ? | (സി) | ബി.എം.സി. ശാക്തീകരണത്തിന്റെ അടിസ്ഥാന നയത്തിൽ മാറ്റം വരുത്തിയിട്ടില്ല.<br><br>അതേ സമയം, പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തു ന്നതിനായി ഹരിതകേരളം പദ്ധതി നടപ്പിലാക്കി വരുന്നു. വിദഗ്ധരെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ ബി.എം.സി. ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. വരുന്ന അഞ്ചു വർഷക്കാലയളവിൽ 100 ബി.എം.സി. കളെ മാതൃകാ ബി.എം.സി. കളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ